**<u>15 -ാം കേരള നിയമസഭ</u>**

**<u>8 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2108</u>** **<u>09-02-2023 - ൽ മറുപടിയ്ക്ക്</u>**

**<u>മിഠായി പദ്ധതി</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.മോഹനൻ** | | **ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | ആരോഗ്യ വകുപ്പിന് കീഴിലെ മിഠായി പദ്ധതി പ്രകാരം ലഭിക്കുന്ന ആനുകൂല്യങ്ങളും അവയുടെ മാനദണ്ഡങ്ങളും വിശദമാക്കുമോ; | (എ) | സാമൂഹ്യ നീതി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കി വരുന്ന മിഠായി പദ്ധതി പ്രകാരം ലഭിക്കുന്ന ആനുകൂല്യങ്ങളും അവയുടെ മമാനദണ്ഡങ്ങളും **അനുബന്ധമായി** ചേർക്കുന്നു. |
| (ബി) | എല്ലാ ജില്ല, താലൂക്ക് ആശുപത്രികളിലും മിഠായി പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിശോധിക്കുമോ; വിശദമാക്കുമോ? | (ബി) | ടൈപ്പ് 1 പ്രമേഹം ബാധിച്ച കുട്ടികൾക്കും കൗമാരക്കാർക്കും പരിചരണം നല്കുന്നതിന് ആരംഭിച്ച സമഗ്ര സാമൂഹികാധിഷ്ഠിത പദ്ധതിയായ 'മിഠായി' തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട് ജില്ലകളിലെ ഗവൺമെന്റ് മെഡിക്കൽ കോളേജുകളിൽ ആണ് പ്രവർത്തിച്ചിരുന്നത്. എന്നാൽ എല്ലാ ജില്ലകളിലെയും കുട്ടികൾക്കും മരുന്നുകൾക്കും മറ്റ് ചികിത്സക്കുമായി ദീർഘദൂരം സഞ്ചരിക്കേണ്ട സാഹചര്യമുണ്ടായിരുന്നതിനാൽ 25/04/2022 തീയതി മുതൽ ക്ലിനിക്കിന്റെ സേവനം ലഭ്യമല്ലാതിരുന്ന 9 ജില്ലകളിലും സാറ്റലൈറ്റ് സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

സാമൂഹ്യ നീതി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കി വരുന്ന മിഠായി പദ്ധതിയിലെ അംഗങ്ങൾക്ക് സൗജന്യമായി ചികിത്സയും മരുന്നും (ഇൻസുലിൻ) മറ്റ് ചികിത്സ ഉപകരങ്ങളും (ഇൻസുലിൻ പേന, പേന നീഡിൽ, ഗ്ലൂക്കോ മീറ്റർ, സ്ട്രിപ്പ്, ലാൻസെറ്റ്, കണ്ടിന്യൂസ് ഗ്ലൂക്കോസ് മോണിറ്ററിംഗ് സെൻസർ, ബ്രിട്ടിൽ ഡയബെറ്റീസ് ബാധിതർക്ക് ഇൻ സുലിൻ പമ്പ് ) മിഠായി ക്ലിനിക്കുകൾ മുഖേന നൽകി വരുന്നു . കേരളത്തിലെ സർക്കാർ സ്കൂളുകളിലെ അധ്യാപകർക്ക് ടൈപ്പ് 1 ഡയബറ്റിസിനെ പറ്റിയുള്ള ബോധവൽക്കരണവും പരിശീലനവും നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**മാനദണ്ഡങ്ങൾ**

- ഗുണഭോക്താവ് (കുട്ടി/കൗമാരക്കാർ) 18 വയസ്സിന് താഴെയായിരിക്കണം.
- അപേക്ഷകന്റെ കുടുംബ വാർഷിക വരുമാനം 2 ലക്ഷം രൂപയിൽ താഴെയായിരിക്കണം.
- അപേക്ഷകൻ/രക്ഷിതാവ് കേരളത്തിൽ സ്ഥിരതാമസക്കാരനായിരിക്കണം.
- ടൈപ്പ്1 പ്രമേഹം രോഗനിർണ്ണയവും പ്രോജക്റ്റിന് കീഴിൽ ശുപാർശ ചെയ്യപ്പെട്ട തെറാപ്പി ഷെഡ്യൂളും സംബന്ധിച്ച് ഒരു എംപാനൽഡ് ഡോക്ടർ സാക്ഷ്യപ്പെടുത്തിയിരിക്കണം.
- തെറാപ്പി ആരംഭിക്കുന്നതിന് മുമ്പ് കുട്ടിയുടെ മാതാപിതാക്കളുടെ അറിവോടെയുള്ള സമ്മതപത്രത്തിൽ ഒപ്പിടാൻ തയ്യാറായിരിക്കണം.
- റെസിഡൻഷ്യൽ പ്രമേഹ ക്യാമ്പുകൾ ഉൾപ്പെടെയുള്ള നിർബന്ധിത പരിശീലനത്തിന് കുട്ടിയുടെ മാതാപിതാക്കൾ തയ്യാറാകണം.